**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിളാ കിസാൻ സശാക്തീകരൺ പരിയോജന വനിതാ ലേബർ ബാങ്ക് അംഗങ്ങൾക്ക് 2016-17 വർഷത്തെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി പ്രീമിയം തുക എം.കെ.എസ്.പി ഇന്ററസ്റ്റ് ഫണ്ടിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ തുക അധികരിക്കാതെ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) 2542/16/തസ്വഭവ** **തിരുവനന്തപുരം, തീയതി: 29/08/2016**

==========================================================================

പരാമർശം: 1. സ.ഉ (സാധാ) നം. 1244/15/തസ്വഭവ തീയതി 25-04-2015

2. ഗ്രാമവികസന കമ്മീഷണറുടെ 07-07-2016 തീയതിയിലെ 14852/ഡിപി1 /2014/സി.ആർ.ഡി(4) നമ്പർ കത്ത്.

## ഉത്തരവ്

മഹിളാ കിസാൻ സശാക്തീകരൺ പരിയോജന വനിതാ ലേബർ ബാങ്ക് അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ പ്രീമിയം തുകയായ 525 രൂപ ഓഫർ ചെയ്ത യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെ ഓഫർ അംഗീകരിച്ച് ആദ്യ പ്രാവശ്യം പകുതി പ്രീമിയം തുകയായ 262.50 രൂപ (ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ അമ്പത് പൈസ) വീതം 4000 ഗുണഭോക്താക്കൾക്ക് ആകെ 10,50,000/-രൂപ (പത്ത് ലക്ഷത്തി അമ്പതിനായിരം രൂപ) എം.കെ.എസ്.പി ഇന്ററസ്റ്റ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്.

2) എം.കെ.എസ്.പി യുടെ ബ്ലോക്കു തല വനിതാ ലേബർ ബാങ്ക് അംഗങ്ങൾക്ക് 2016-17 വർഷത്തെ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി പ്രീമിയം തുക സർവ്വീസ് ടാക്സ് അടക്കം 400/- രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും നിലവിലുള്ള ഗുണഭോക്താക്കൾക്ക് പോളിസി പുതുക്കുന്നതിന് 400/- രൂപ വീതം ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്നതിനും പുതുതായി ചേരുന്നവർക്ക് 50% തുകയായ (ഓരോ ഗുണഭോക്താവിനും 200/- രൂപ വീതം) എം.കെ.എസ്.പി ഇന്ററസ്റ്റ് ഫണ്ടിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ തുക അധികരിക്കാതെ ചെലവഴിക്കുന്നതിനും അംഗീകാരത്തിനായി എം.കെ.എസ്.പി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. എം.കെ.എസ്.പി യുടെ ബ്ലോക്കു തല വനിതാ ലേബർ ബാങ്ക് അംഗങ്ങൾക്ക് 2016-17 വർഷത്തെ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി പ്രീമിയം തുക സർവ്വീസ് ടാക്സ് അടക്കം 400/- രൂപയായി നിശ്ചയിക്കുന്നതിനും നിലവിലുള്ള ഗുണഭോക്താക്കൾക്ക് പോളിസി പുതുക്കുന്നതിന് 400/- രൂപ വീതം ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്നതിനും പുതുതായി ചേരുന്നവർക്ക് 50% തുകയായ (ഓരോ ഗുണഭോക്താവിനും 200/- രൂപ വീതം) എം.കെ.എസ്.പി ഇന്ററസ്റ്റ് ഫണ്ടിൽ നിന്നും പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ തുക അധികരിക്കാതെ ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

To

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന, ഇ.റ്റി.സി ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ.
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ